പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1303

08.02.2013-ൽ മറുപടി നൽകേണ്ടത്

## വനംഭൂമി കൈവശമുള്ള കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കരേക്കാട്ട്, കട്ടകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി വനം വകുപ്പിന്റെ അഭിപ്രായസഹിതം സമർപ്പിച്ചിട്ടുള്ള റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ; | (എ) 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വെച്ചിരുന്ന കേസുകളിൽ സംയുക്ത പരിശോധനയിൽ കണ്ടെത്തിയതും മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ളതുമായ 10.5005 ഹെക്ടർ ഭൂമി പതിച്ച നൽകാൻ കേന്ദ്രാനുമതി ലഭിക്കേണ്ടതുണ്ട്. ഇതിൽ കേന്ദ്രാനുമതി ലഭിക്കേണ്ട 0.9828 ഹെക്ടർ ഭൂമി കുന്നത്തുനാട് താലൂക്കിലും 09.5177 ഹെക്ടർ ഭൂമി ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജിലും ആണ് ഉള്ളത്. ടി ഭൂമികളുടെ ഓരോ കൈവശവും അനുസരിച്ച് സ്കെച്ച്/മാപ്പ് എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഓരോ കൈവശവും അനുസരിച്ച് മാപ്പ് സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ കാലടി, കോടനാട് ഫോറസ്റ്റ് റേഞ്ച് ആഫീസർമാർ, കുന്നത്തുനാട്/ ആലുവ താലൂക്കുകളിൽ നിന്നും ഓരോ ഡെപ്യൂട്ടി തഹസീൽദാർമാർ എന്നിവരെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിക്കുകയും, പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനത്തിനാവശ്യമായ സർവ്വേയർമാർ ഉൾപ്പെടെ മറ്റു ജീവനക്കാരെ നിയോഗിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇവർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) സർവ്വേ നടപടികൾ പൂർത്തിയാക്കി കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ